**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 226** **22-02-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ആരംഭിച്ച സി.എഫ്.എൽ.ടി.സി.കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | യഥാസമയം ആശുപത്രിയിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കാത്തതുമൂലം കേരളത്തിലെ കോവിഡ് മരണനിരക്ക് ഉയരുവാൻ കാരണമായതായി പഠനങ്ങൾ വെളിപ്പെടുത്തുന്ന സാഹചര്യത്തിൽ കോവിഡ് മൂന്നാം തരംഗം മുന്നിൽകണ്ട് സി.എഫ്.എൽ.ടി.സി. ഉൾപ്പെടെ വേണ്ടത്ര ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ വീഴ്ച സംഭവിച്ചതിന് കാരണം വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് നാളിതുവരെ ആശുപത്രി കിടക്കകളോ, ഓക്സിജനോ മറ്റ് ചികിത്സാ സൗകര്യങ്ങളോ ലഭ്യമാക്കാത്തതു മൂലമുള്ള മരണങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. കേരളത്തിൽ കോവിഡ് വ്യാപനത്തിന്റെ ആദ്യ ഘട്ടം മുതൽ തന്നെ സമൂഹത്തിലെ കോവിഡ് ബാധിതരായവരെ കണ്ടെത്തുന്നതിനായി Test Trace Treat (കൂടുതൽ പരിശോധനകൾ/ ഊർജിതമായ കോവിഡ് രോഗ സമ്പർക്ക പട്ടിക തയ്യാറാക്കൽ/ സമയബന്ധിതമായി പുതുക്കിയ ചികിത്സാ മാർഗരേഖകൾ പ്രകാരമുള്ള കോവിഡ് ചികിത്സാ സംവിധാനങ്ങൾ എന്നിവയാണ്) പ്രോട്ടോകോളാണ് അനുവർത്തിച്ച് പോന്നിരുന്നത്. കോവിഡ് വ്യാപനത്തിന്റെ ഒരു ഘട്ടത്തിലും കേരളത്തിന്റെ ആരോഗ്യ സംവിധാനങ്ങൾ സമ്മർദ്ദത്തിലായിട്ടില്ല. കേരളത്തിൽ കോവിഡ് രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ മരണ നിരക്കും കുറവാണ്. മൂന്നാം തരംഗം മുന്നിൽ കണ്ട് 1143 സാധാരണ കിടക്കകൾ, 409 ICU, 276 വെന്റിലേറ്ററുകൾ, കേന്ദ്രീകൃത ഓക്സിജനുള്ള 1914 കിടക്കകൾ എന്നിവ സർക്കാർ മെഡിക്കൽ കോളേജിലും, 2378 സാധാരണകിടക്കകൾ, 1983 നോൺ ICU ഓക്സിജൻ കിടക്കകൾ, 520 ICU, 468 വെന്റിലേറ്ററുകൾ എന്നിവ മറ്റ് സർക്കാർ ആശുപത്രികളിലും കോവിഡ് ചികിത്സയ്ക്കായി മാത്രം ക്രമീകരിച്ചിട്ടുണ്ടായിരുന്നു. ഇതുകൂടാതെ കോവിഡ് രോഗികളുടെ എണ്ണം ആശുപത്രിയിൽ വർദ്ധിക്കുന്നതനുസരിച്ച് Non Covid വിഭാഗത്തിൽ നിന്ന് Covid-ലേയ്ക്ക് ആവശ്യമായ ബെഡുകൾ മാറ്റുകയും ചെയ്യുന്ന രീതിയിലാണ് ക്രമീകരണം നടത്തിയത്. ഈ വിഭാഗത്തിലെ ഓരോ കിടക്കകളുടേയും ഒക്കുപൻസി ദിനംപ്രതി സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ട്. കൂടാതെ രോഗലക്ഷണ തീവ്രത |

| | | | |
|---|---|---|---|
| | | | അനുസരിച്ച് രോഗികളെ പ്രവേശിപ്പിക്കുന്നതിനായി 20 CFLTC(2043), 34 CSLTC (4410) എന്നിവ ക്രമീകരിച്ചിരുന്നു (2022 ഫെബ്രുവരി 15 വരെ). കൂടാതെ സ്വകാര്യ മേഖലയിൽ പൊതു സ്വകാര്യ പങ്കാളിത്തത്തിന്റെ ഭാഗമായി 25710 സാധാരണ കിടക്കകൾ, 2453 ICU, 1211 Ventilator, 6810 ഓക്സിജൻ കിടക്കൾ എന്നിവ ഒരുക്കിയിട്ടുണ്ട്. മൂന്നാം തരംഗത്തിൽ രോഗതീവ്രത കുറവായതിനാലും, ഭൂരിഭാഗം പേരും വാക്സിൻ സ്വീകരിച്ചതിനാലും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ എണ്ണം വളരെ കുറവായിരുന്നു. ഭൂരിഭാഗം പേർക്കും വീട്ടിൽ തന്നെ ചികിത്സയിൽ കഴിയുവാനുള്ള രോഗതീവ്രത മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നിരുന്നാലും തീവ്രലക്ഷണമുള്ളവരെയും, ദീർഘകാല ജീവിതശൈലി രോഗമുള്ളവരെയും, പ്രതിരോധശേഷി കുറവുള്ളവരെയുമൊക്കെ യഥാസമയം ആശുപത്രിയിൽ പ്രവേശിപ്പിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ